ഉത്തരം

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വാർഷിക അറ്റകുറ്റ പണികളിൽ ഉൾപ്പെടുത്തി 2011-12, 2012-13, 2013-14 സാമ്പത്തിക വർഷം ഏറ്റെടുത്ത് നിരത്തുകളും പാലങ്ങളും വിഭാഗം, ദേശീയപാത വിഭാഗം എന്നിങ്ങനെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ഉം 2 ഉം ആയി ചേർത്തിരിക്കുന്നു.*

മിഷൻ 676-ൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

290 (7261) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്നും അതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ കോട്ടയം ഡിവിഷന്റെ കീഴിലും, ഡിവിഷന്റെ കീഴിലെ ഓരോ സബ് ഡിവിഷനിലും നടപ്പാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) മിഷൻ 676 പദ്ധതിയിൽ പുതിയ പദ്ധതികളാണോ നിലവിലെ പദ്ധതികളുടെ വിപുലീകരണമാരണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 14500 കോടി രൂപയുടെ പദ്ധതികളാണ് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ കുമാരനല്ലൂർ, മൂവാടം മേൽപ്പാലങ്ങൾ രാമപുരം-നാവനാലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ്, പോഴിയക്കോട്-തിരുവാതുക്കൽ റോഡ്, ഇല്ലിക്കൽ ജംഗ്ഷൻ റോഡ്, പാറ റിവർ വ്യൂ റോഡ്, കല്ലറിയാങ്കൽ-സാന്തോം കോംപ്ലക്സ് റോഡിന്റെ അഭിവൃദ്ധി, പെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ്, ഏറ്റുമാനൂർ-മുവാറ്റുപുഴ റോഡ്, പൊൻകുന്നം-തൊടുപുഴ റോഡ് എന്നീ പ്രവൃത്തികൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുന്നവയാണ്. ഈ പ്രവൃത്തികൾക്കാവശ്യമായ തുക എത്രയെന്ന് കൃത്യമായി ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ബി) നിലവിലുള്ളതും, പുതിയതുമായ പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് മിഷൻ 676 നടപ്പിലാക്കുന്നത്.

(സി) മിഷൻ 676-ൽ ഉൾപ്പെടുന്ന ഏതാനും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly